STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.83/PR/SPMC/PHQ/2023 Date:06.08.2023

## സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ 14-ാം വാർഷികം ചൊവ്വാഴ്ച; മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും

സ്റ്റുഡൻറ് പോലീസ് കേഡറ്റ് പ്രോജക്റ്റിന്റെ 14ാമത് വാർഷികാഘോഷവും സംസ്ഥാനതല ക്വിസ് മത്സരങ്ങളും ചൊവ്വാഴ്ച തിരുവനന്തപുരത്ത് വഴുതക്കാട് ഗവൺമെൻറ് വിമൻസ് കോളേജിൽ നടക്കും. എസ്.പി.സി ദിനാഘോഷ പരിപാടികൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

രാവിലെ 10 മണിക്ക് നടക്കുന്ന സംസ്ഥാനതല ക്വിസ് മത്സരങ്ങളുടെ ഉദ്ഘാടനം സംസ്ഥാന പോലീസ് മേധാവി ഡോ. ഷേയ്ഖ് ദർവേഷ് സാഹിബ് ഉദ്ഘാടനം ചെയ്യും. ക്രമസമാധാന വിഭാഗം എ.ഡി.ജി.പി എം.ആർ അജിത് കുമാർ, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ നാഗരാജു ചക്കിലം, തിരുവനന്തപുരം റെയ്ഞ്ച് ഡി.ഐ.ജിയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്റ്റേറ്റ് നോഡൽ ഓഫീസറുമായ ആർ.നിശാന്തിനി, ആംഡ് പോലീസ് ബറ്റാലിയൻ കമാണ്ടന്റ് ജയദേവ്.ജി, പോലീസ് ട്രെയിനിങ് കോളേജ് പ്രിൻസിപ്പൽ കിരൺ നാരായണൻ, കേരള സായുധ വനിതാ ബറ്റാലിയൻ കമാണ്ടൻറ് അബ്ദുൾ റഷീദ്.എൻ, എസ്.എ.പി ബറ്റാലിയൻ കമാണ്ടൻറ് സോളമൻ. എൽ, കേരള പോലീസ് അക്കാദമി അസിസ്റ്റൻറ് ഡയറക്ടർ ട്രെയിനിങ് വാഹിദ്.പി എന്നിവർ പങ്കെടുക്കും.

സംസ്ഥാനതല ക്വിസ് മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കുള്ള രജിസ്ട്രേഷൻ നടപടികൾ രാവിലെ 9.30 മുതൽ 10 മണി വരെയാണ്. ക്വാർട്ടർ ഫൈനൽ മത്സരങ്ങൾ രാവിലെ 10.30 മുതൽ നടക്കും. സെമിഫൈനൽ മത്സരങ്ങൾ 11.30ന് ആരംഭിക്കും. ഗ്രാൻഡ് ഫൈനൽ മത്സരങ്ങൾ 1.30ന് തുടങ്ങും.

വൈകിട്ട് നാലുമണിക്ക് നടക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് ദിനാഘോഷ പരിപാടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഗതാഗത വകുപ്പ് മന്ത്രി ആൻറണി രാജു അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പു മന്ത്രി വി.ശിവൻകുട്ടി, സംസ്ഥാന പോലീസ് മേധാവി ഡോ. ഷേയ്ഖ് ദർവേഷ് സാഹിബ്, ക്രമസമാധാന വിഭാഗം എ.ഡി.ജി.പി എം.ആർ അജിത് കുമാർ,

തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ നാഗരാജു ചക്കിലം, തിരുവനന്തപുരം റെയ്ഞ്ച് ഡി.ഐ.ജിയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്റ്റേറ്റ് നോഡൽ ഓഫീസറുമായ ആർ.നിശാന്തിനി, പൊതു വിദ്യാഭ്യാസ ഡയറക്ടർ എസ്.ഷാനവാസ്, മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിക്കും.

നോളജ് ഫെസ്റ്റ് 23 എന്ന് നാമകരണം ചെയ്തിരിക്കുന്ന സംസ്ഥാനതല ക്വിസ് മത്സരങ്ങളിലെ വിജയികൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനങ്ങൾ വിതരണം ചെയ്യും. എസ്.പി.സി പദ്ധതിയുടെ 2023-24 കാലഘട്ടത്തെ പ്രമേയത്തിന്റെ പ്രഖ്യാപനവും അദ്ദേഹം നിർവ്വഹിക്കുന്നതാണ്.

എസ്.പി.സി ദിനാഘോഷവുമായി ബന്ധപ്പെട്ട് നടക്കുന്ന സംസ്ഥാനതല ക്വിസ് ക്വിസ് മത്സരങ്ങളിലും ചടങ്ങിലും സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമായി രണ്ടായിരത്തോളം കേഡറ്റുകളും 250 ഓളം അധ്യാപകരും സംബന്ധിക്കും.

ക്വിസ് മത്സരങ്ങൾ അടക്കമുള്ള ദിനാഘോഷ പരിപാടികൾ സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ ഫേസ്ബുക്ക് പേജിൽ തത്സമയം കാണാം.

********************